بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 11.12.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*11.12.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ലോകമിപ്പോൾ അഗ്നികുണ്ഠത്തിന്റെ വക്കത്താണുള്ളത്. ഏതു സമയത്തും അവർ അതിൽ വീഴാം. അത്തരം നേരത്ത് ലോകത്തെ ആ അഗ്നിയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ശാന്തിയും സമാധാനവും നല്കാൻ പണിയെടുക്കുകയും ചെയ്യേണ്ടത് ഒരു അഹ്മദിയുടെ ചുമതലയാണ്. നമ്മൾ നമ്മുടെ അറിവും കർമവുംകൊണ്ട് ലോകശാന്തിയ്ക്കും സമാധാനത്തിനും ഇസ്‌ലാമല്ല ഭീഷണിയെന്നും ഇസ്‌ലാമിന് വിരുദ്ധം പ്രവർത്തിക്കുന്നവരാണെന്നും പറഞ്ഞുകൊടുക്കണം.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞദിവസം ഇവിടെത്തെ പത്രത്തിലെ ഒരു കോളമെഴുത്തുകാരനും ഇപ്രകാരംതന്നെ ഒരു ആസ്ത്രേലിയൻ രാഷ്ട്രീയനേതാവും ഇസ്‌ലാമികാധ്യാപനങ്ങളിലുള്ള ജിഹാദിന്റേയും മറ്റു കല്പനകളുടേയും ഫലമായിട്ടാണ് മുസ്‌ലിംകൾ തീവ്രവാദികളാകുന്നതെന്ന് പറഞ്ഞിരുന്നു. ഇസ്‌ലാമിക കല്പനകളെക്കുറിച്ച് കഴിഞ്ഞദിവസം യു.കെ.യിലേയും ഭരണകക്ഷിയിൽപ്പെട്ട ഒരു രാഷ്ട്രീയനേതാവും ഇസ്‌ലാമിൽ അല്പസ്വല്പം തീവ്രവാദപരമായ കല്പനകളും ബലംപ്രയോഗിക്കാനുള്ള നിർദ്ദേശങ്ങളും ഉള്ളതുകൊണ്ടാണ് മുസ്‌ലിംകൾക്ക് തീവ്രവാദത്തിലേക്ക് ചായ്‌വുള്ളതെന്നും പറഞ്ഞിരുന്നു. പറയുന്നവരും എഴുതുന്നവരും ഇങ്ങനേയും എഴുതുകയും പറയുകയും ചെയ്യുന്നുണ്ട്: "മറ്റു മതങ്ങളുടെ അധ്യാപനങ്ങളിലും കടുത്തനിലപാടുണ്ടെന്നത് ശരിതന്നെ. ചില കല്പനകളുണ്ട്. പക്ഷേ, അവയിൽ വിശ്വസിക്കുന്നവർ ഇപ്പോൾ അതനുസരിച്ച് പ്രവർത്തിക്കാറില്ല. അല്ലെങ്കിൽ അവസ്ഥകൾക്കനുസരിച്ച് ഭേദഗതികൾ വരുത്തിയിരിക്കുന്നു. കാലത്തിന്റെ ആവശ്യമനുസരിച്ച് ആ അധ്യാപനങ്ങളെ തിരുത്തിയിരിക്കുന്നു. അതുകൊണ്ട് വിശുദ്ധഖുർആനിലും ഇക്കാലത്തിനനുസരിച്ച് അതിന്റെ കല്പനകൾ വാർത്തെടുക്കേണ്ട ആവശ്യമുണ്ടെന്നാണ് അവർ സമ്മർദ്ദം ചെലുത്തുന്നത്. എന്തായാലും ഇതിൽനിന്ന് അവർ പറയുന്നതനുസരിച്ച് അവരുടെ മതാധ്യാപനം അല്ലാഹു അയച്ചതല്ലെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്. മറിച്ച്, അത് മനുഷ്യരുണ്ടാക്കിയ അധ്യാപനമായിത്തീർന്നിരിക്കുന്നു. ഇങ്ങനെതന്നെയാവേണ്ടതുമായിരുന്നു. കാരണം ഈ അധ്യാപനങ്ങൾ നിലനില്ക്കുമെന്നോ അതനുസരിച്ച് കർമ്മം ചെയ്യുന്നവർ ലോകാവസാനംവരെ ഉണ്ടാകുമെന്നോ ദൈവം വാഗ്ദാനം ചെയ്തില്ല. പക്ഷേ, വിശുദ്ധഖുർആനിൽ അല്ലാഹു ഇങ്ങനെ വിളംബരപ്പെടുത്തി. **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** അതായത് ഈ വിശുദ്ധഖുർആനിനെ നാം തന്നെയാണ് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും. പിന്നീട് അതിന്റെ സംരക്ഷണത്തിന് ഏർപ്പാടും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിന് വിവിധ അവസരങ്ങളിൽ വിവിധ ഗ്രന്ഥങ്ങളിൽ വ്യാഖ്യാനം നല്കിയിട്ടുണ്ട്. ഒരിടത്ത് അദ്ദേഹം പറയുന്നു: "ഒരു ജനതയെ ഏതെങ്കിലും കാര്യത്തിൽനിന്ന് വിലക്കുമ്പോൾ അവരിൽ ചിലർ അക്കാര്യം തീർച്ചയായും ചെയ്യുമെന്നുള്ളത് അവരുടെ വിധിയിൽ രേഖപ്പെടുത്തിയിട്ടുള്ള അല്ലാഹുവിന്റെ പണ്ടുമുതലേയുള്ള നടപടിക്രമമാണ്. ഉദാഹരണത്തിന് നിങ്ങൾ തൗറാത്തിലും മറ്റു ദൈവഗ്രന്ഥങ്ങളിലും മാറ്റത്തിരുത്തലുകൾ നടത്തരുതെന്ന് പറഞ്ഞ് അവൻ യഹൂദികളെ വിലക്കിയിരുന്നു. എന്നാൽ, അവരിൽ ചിലർ മാറ്റത്തിരുത്തലുകൾ വരുത്തി. അതിനെ മാറ്റിമറിച്ചു. പക്ഷേ, വിശുദ്ധഖുർആനിൽ മാറ്റത്തിരുത്തലുകൾ വരുത്തരുതെന്ന് പറയപ്പെട്ടിട്ടില്ല. മറിച്ച് ഇങ്ങനെയാണ് പറയപ്പെട്ടത്: **"ഇന്നാ നഹ്നു നസ്സൽദ്ദിക്റ വഇന്നാ ലഹൂ ലഹാഫിളൂൻ"** വീണ്ടും പറയുന്നു: "ഈ ഖുർആനിനെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു ജനതയുണ്ടാകുമെന്ന് ഈ വചനം വ്യക്തമായും പറഞ്ഞുകൊണ്ടിരിക്കുന്നു. അക്കാലത്ത് അല്ലാഹു ആകാശത്തുനിന്ന് തന്റെ ഏതെങ്കിലും ദൂതൻ മുഖേന അതിനെ സംരക്ഷിക്കുന്നതാണ്."

ഇക്കൂട്ടർ ഇടയ്ക്കിടെ വിശുദ്ധഖുർആനുമേൽ ആക്ഷേപമുന്നയിച്ച് അതിന്റെ അധ്യാപനത്തെ തുടച്ചുമാറ്റാൻ ആഗ്രഹിക്കുകയാണ്. കാരണം അവരുടെ സ്വന്തം അധ്യാപനങ്ങൾ തുടച്ചുനീക്കപ്പെടുകയോ വെറും ഒരു പുസ്തകമെന്ന നിലയിലാകുകയോ ആയിക്കഴിഞ്ഞിരിക്കുന്നു.

ഇക്കാലത്ത് മെസ്സേജ് അയക്കലും ട്വീറ്റ് ചെയ്യലും വാട്ട്സ് അപ്പ് തുടങ്ങി വിവിധ രീതികളോക്കെയുണ്ടല്ലോ. കഴിഞ്ഞ ദിവസം വാട്ട്സ് അപ്പിൽ ഒരു ചെറിയ വീഡിയോ വന്നിരുന്നു. അതിൽ രണ്ട് ആൺകുട്ടികൾ ഒരു ഗ്രന്ഥത്തിൽനിന്ന്- അതിന്റെ പുറംചട്ടയിൽ ഖുർആൻ എന്നെഴുതിയിട്ടുണ്ടായിരുന്നു- ജനങ്ങളെ ചില ആയത്തുകളോ ഭാഗങ്ങളോ വായിച്ചുകേൾപ്പിച്ചുകൊണ്ടിരുന്നു; അതായത് അതിലെ അധ്യാപനങ്ങൾ എങ്ങനെയുള്ളതാണെന്ന്! റോഡിലൂടെ പോകുന്ന വിവിധ തരക്കാരായ ആളുകൾ അവരോട് അതിനെക്കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. അവരോരോരുത്തരും ഇതു വിശുദ്ധഖുർആന്റെ അധ്യാപനമാണെന്നും (പുറംചട്ടയിൽ അതെഴുതിയിട്ടുണ്ടല്ലോ) ഇസ്‌ലാമിന്റെ അധ്യാപനങ്ങളുടെ ദോഷങ്ങളാണ് വിവരിക്കുന്നതെന്നും ഇതുകൊണ്ടാണ് മുസ്‌ലിംകൾ ഭീകരപ്രവർത്തനം നടത്തുന്നതെന്നും അവർ വായിച്ചതിൽ നിന്ന് മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ ആ കുട്ടികൾ ആ

ഗ്രന്ഥത്തിന്റെ പുറംചട്ട അഴിച്ചുനീക്കുകയും അതുയർത്തി കാട്ടി ഇസ്‌ലാമിന്റെ അധ്യാപനമല്ല ബൈബിളിന്റെ അധ്യാപനമാണ് തങ്ങൾ വായിച്ചതെന്ന് പറയുകയും ചെയ്തു. അത് കണ്ടിട്ടും കേട്ടിട്ടും ആരും അതിനെസംബന്ധിച്ച് അതില്ലെന്ന് പറഞ്ഞ് ഒരു ചർച്ചയും ചെയ്തില്ല. ഇസ്‌ലാമിന്റെ പേരു വന്നാൽ ക്ഷണം നെഗറ്റീവായിട്ടുള്ള ചർച്ചയാകും. ഇവിടെ ആ കുട്ടികൾ ബൈബിളിലെ ഉദ്ധരണികളാണ് തങ്ങൾ തുറന്നുകാണിച്ചതെന്ന് പറഞ്ഞപ്പോൾ ഒരു ചർച്ചയും ചെയ്യാതെ എല്ലാവരും ചിരിച്ചുകൊണ്ട് നിശ്ശബ്ദരായിപ്പോയി. അവരിൽ സ്ത്രീകളും ഉണ്ടായിരുന്നു. പുരുഷന്മാരുമുണ്ടായിരുന്നു. വലിയ ആശ്ചര്യത്തോടെ 'ഇത് വളരെ അത്ഭുതമുളവാക്കുന്ന കാര്യമാണ്' എന്ന് ഒരാൾ മാത്രം പറഞ്ഞു. ഒരു സ്ത്രീ പറഞ്ഞു: 'ഞാൻ ക്രിസ്ത്യൻ സ്കൂളിലാണ് പഠിച്ചത്. ബൈബിളും പഠിച്ചിരുന്നു. ഇതിനെക്കുറിച്ചൊരിക്കലും ഒരു വിചാരവുമുണ്ടായിട്ടില്ല.'

ഇതാണ് അവരുടെ അവസ്ഥ. ഒരു മുസ്‌ലിം തെറ്റായി പ്രവർത്തിക്കുകയാണെങ്കിൽ ഇസ്‌ലാമിനെഒന്നടങ്കം കുറ്റം പറയുന്നു. മറ്റേതെങ്കിലും മതക്കാരൻ ചെയ്താലോ 'സാധുവാണ്, ഒന്നിനും കഴിവില്ലാത്തവനാണ്, ഭ്രാന്തനാണ്' എന്ന് പറഞ്ഞ് കാര്യം അവസാനിപ്പിക്കുന്നു. ചില മുസ്‌ലിം സംഘടനകളുടെ ഇസ്‌ലാമിന്റെ പേരിലുള്ള തെറ്റായ പ്രവർത്തനം കൊണ്ട് അതിന് ദുഷ്പേരുണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിന് വിശുദ്ധഖുർആനെ പഴിക്കുന്നതും അത് ഉച്ചിയിലെത്തിച്ച് കൊണ്ടുനടക്കുന്നതും ഇസ്‌ലാമിന്നെതിരിൽ മനസ്സുകളിൽവെച്ചുപുലർത്തുന്ന വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും പ്രകടനമാണ്. അതിന്റെ ഒരു തികഞ്ഞ പ്രകടനമാണ് ഈയിടെയായി അമേരിക്കയിലെ ഒരു പ്രസിഡണ്ട് സ്ഥാനാർത്ഥിയുടെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെയുള്ള സംസാരം.

എന്തായാലും ഇസ്‌ലാമിനെ സംബന്ധിച്ച് എന്തുവേണമെങ്കിലും ഇവർ പറഞ്ഞുകൊള്ളട്ടെ, പക്ഷേ, ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെ നേരിടാൻ ഒരു മതാധ്യാപനങ്ങൾക്കും സാധ്യമല്ല. അവർ ഉണ്ടാക്കിവെച്ചിട്ടുള്ള നിയമങ്ങൾക്കും കഴിയുകയില്ല. തങ്ങൾ അവസ്ഥകൾക്കനുസരിച്ച് നിയമം ഭേദഗതി ചെയ്തുവെന്ന് ഇവർ പറയുന്നു. അല്ലാഹു ഇക്കാലഘട്ടത്തിലും തന്റെ വാഗ്ദാനമനുസരിച്ച് വിശുദ്ധഖുർആനെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ദൂതനെ അയച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ഞങ്ങൾക്കു പറഞ്ഞുതന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "വിശുദ്ധഖുർആനിന്റെ മറ്റൊരു പേരാണ് ദിക്ർ. ആ പ്രാരംഭകാലത്ത് മനുഷ്യന്റെ ഉള്ളിൽ മറഞ്ഞിരുന്നതും അവൻ വിസ്മരിച്ചിരുന്നതുമായ സത്യങ്ങളേയും വിശ്വസ്തതകളേയും ഓർമ്മിപ്പിക്കുന്നതിനുവേണ്ടി വന്നതാണ് ഈ ഖുർആൻ. അല്ലാഹുവിന്റെ **ഇന്നാ ലഹൂ ലഹാഫിളൂൻ** എന്ന ശക്തമായ വാഗ്ദാനമനുസരിച്ച് ഇക്കാലത്തും ആകാശത്തുനിന്ന് ഒരു ഉസ്താദ് വന്നു. അദ്ദേഹം **ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്നതിന്റെ തെളിവും വാഗ്ദാനം ചെയ്യപ്പെട്ട വക്തിയുമാണ്. നിങ്ങളുടെയിടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ആ വ്യക്തിയാണ് അയാൾ. ഈ ജമാഅത്തിനെ ആദരിക്കുകയും ഇതിനെ പ്രയോജനപ്പെടുത്തുകുയം ചെയ്യുന്നവർ അനുഗ്രഹീതരാണ്."

വീണ്ടും അവിടന്ന് പറയുന്നു: "അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് വിശുദ്ധഖുർആന്റെ മഹത്വത്തെ നിലനിറുത്തുന്നതിനുവേണ്ടി പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ എന്നെ അയച്ചിരിക്കുന്നു." വീണ്ടും പറയുന്നു: "വിശുദ്ധഖുർആന്റെ പിന്തുണയും സഹായവും നമ്മോടൊപ്പമുണ്ട്. ഇന്ന് മറ്റൊരു മതാനുയായികൾക്കും ഇതിന് ഭാഗ്യമില്ല."

ഇസ്‌ലാം വാളിന്റെ ശക്തികൊണ്ട് പ്രചരിച്ചുവെന്ന് വാദിക്കുന്ന സംഘക്കാർ അല്ലെങ്കിൽ ആളുകൾ യഥാർത്ഥത്തിൽ അവർ ഇസ്‌ലാമിന്റെ വിരോധികളുടെ ആയുധമാണ്. ഇത് വാളെടുത്ത് ജിഹാദു ചെയ്യേണ്ട കാലഘട്ടമല്ലെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോട് വ്യക്തമായും പറഞ്ഞത്. വാളെടുത്ത് ജിഹാദ് ചെയ്യാൻ അനുവാദം കിട്ടിയത് ഇസ്‌ലാമിന്റെ ആരംഭകാലത്തുണ്ടായ പ്രത്യേക സാഹചര്യത്തിലായിരുന്നു; അതും നിബന്ധനകളോടെ! അതായത് ശത്രു ഇസ്‌ലാമിനെ വാളിന്റെ ശക്തികൊണ്ട് ഉന്മൂലനം ചെയ്യാൻ ആഗ്രഹിച്ചപ്പോൾ. ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനങ്ങൾ നിറഞ്ഞുകിടക്കുന്ന മതമാണ് ഇസ്‌ലാം.

നിങ്ങൾ പരസ്പരമുള്ള കൊല്ലും കൊലയും ചേരിതിരിവുംകൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുകയാണെന്ന് മുസ്‌ലിംകളോടും പറയണം. നമ്മുടെ കൈയിൽ ഇതെത്തിക്കുന്നതിന് കൂടുതൽ മാധ്യമങ്ങളൊന്നുമില്ലെന്നത് ശരിതന്നെ. പക്ഷേ, നമ്മുടെ പത്രമാധ്യമങ്ങളും മറ്റു വിവിധ മാധ്യമങ്ങളും പ്രയോജനപ്പെടുത്തി ചെയ്യാൻ കഴിയുന്നതൊക്കെ നമ്മൾ ചെയ്യേണ്ടതാണ്. ഓരോ രാജ്യത്തും ഓരോ നഗരത്തിലും ചെയ്യേണ്ടതാണ്. ലോകത്തിന് ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രം കാണിച്ചുകൊടുക്കേണ്ടത് ഇക്കാലത്ത് വളരെ ആവശ്യമാണ്.

കഴിഞ്ഞദിവസം ഇവിടെ ബ്രിട്ടീഷ് പാർലമെന്റിൽ ഗ്ലാസ്കോയിലെ ഒരു എം.പി ഇസ്‌ലാമിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: "ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നത് അഹ്മദിമുസ്‌ലിംകളാണ്." ഗ്ലാസ്കോയിൽ അവർ സംഘടിപ്പിച്ച പീസ് സിമ്പോസിയത്തിൽ ഞാനും പങ്കെടുത്തിരുന്നു. അവർ ഒരുപാട് പ്രശംസിച്ചു പറഞ്ഞിരുന്നു. അത് കേട്ട് അവിടെ ഇരുന്ന വിദേശകാര്യമന്ത്രിയുടെ ഹോം സെക്രട്ടറി പറഞ്ഞു: "അഹ്മദി സമർപ്പിക്കുന്ന ഇസ്‌ലാം തീവ്രവാദികൾ കാണിക്കുന്ന ഇസ്‌ലാമിന് തികച്ചും വിരുദ്ധമാണ്. യഥാർത്ഥത്തിൽ അഹ്മദി സമാധാനപ്രിയരായ പൗരന്മാരാണ്. യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ അഹ്മദി പുതിയ അധ്യാപനങ്ങളൊന്നും സമർപ്പിക്കുന്നില്ല. മറിച്ച്, വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ തന്നെയാണ് സമർപ്പിക്കുന്നത്."

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ജപ്പാനിലായിരുന്നു. അവിടേയും വിദ്യാസമ്പന്നരായ ആളുകൾ എന്നല്ല, ഒരു പാതിരിയും പ്രകടിപ്പിച്ചത്, 'നിങ്ങൾ വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ വിവരിക്കുന്ന ഇസ്‌ലാമിനെക്കുറിച്ച് അറിയേണ്ടത് ജപ്പാനികൾക്ക് വളരെ ആവശ്യമുണ്ടെന്നാണ്. എന്നല്ല ലോക

ത്തിനുതന്നെയും ആവശ്യമുണ്ട്.' സമുചിതമായ പദ്ധതികൾ ആവിഷ്കരിച്ച് ഇക്കാര്യം ആർദ്രമാക്കിവെക്കേണ്ടത് ജപ്പാൻ ജമാഅത്തിന്റേയും ജോലിയാണ്. ഇപ്രകാരംതന്നെ ഇവിടെ യു.കെ.യിലും ലോകത്തുള്ള മറ്റു രാഷ്ട്രങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നമ്മൾ മനസ്സിലാക്കിയ ഇസ്ലാമിന്റെ മനോഹരമായ സന്ദേശം പ്രചരിപ്പിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ അദ്ദേഹത്തെ കൊണ്ടാണ് അല്ലാഹു വിശുദ്ധഖുർആന്റെ സംരക്ഷണജോലി ചെയ്യിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കൊണ്ടാണ് ചെയ്യിച്ചത്. ഇതേ ജോലിയാണ് ഓരോ അഹ്മദിയുടേയും. അതിനാൽ ഓരോ ജന വിഭാഗത്തിനും ഓരോ സ്വഭാവക്കാരനും ഈ സന്ദേശം എത്തിക്കുക. ഓരോ സ്ഥലത്തും ഈ ജോലി ചെയ്തുകൊണ്ട് ആ മഹാത്മാവിന്റെ ബയ്അത്തിൽ കൊണ്ടുവരാനുള്ള കടമ നിറവേറ്റുക. ഇസ്ലാമിന്റെ സമാധാനാധ്യാപനത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ചില ഉദാഹരണങ്ങൾ ഞാൻ ഈ സമയത്ത് സമർപ്പിക്കുകയാണ്. വിശുദ്ധഖുർആനിൽ ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു: **ലാ ഇക്റാഹാ ഫിദ്ദീൻ** മതത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല (2:257). **വ ലൗ ശാഅ റബ്ബുക്ക ലആമന മൻഫിൽ അർളി കുല്ലുഹും ജമീഅ അഫഅൻത തുക്രിഹുന്നാസ ഹത്താ യക്കൂനു മുഅ്മിനീൻ** നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനേ (10:100).

നബി(സ)യോടും അല്ലാഹു പറയുന്നു: 'അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ള സകലരും വിശ്വസിക്കുമായിരുന്നു.' പക്ഷേ, അല്ലാഹു അങ്ങനെ ആഗ്രഹിച്ചില്ല. അതുകൊണ്ട് എല്ലാവരും വിശ്വസിക്കണമെന്ന ആഗ്രഹം നബി (സ) തിരുമേനിക്കുണ്ടായിരുന്നിട്ടും അല്ലാഹു പറഞ്ഞത് നീ പറഞ്ഞാലും അത് നടക്കുകയില്ലെന്നാണ്. അവിടന്ന് പറഞ്ഞു: 'ഇസ്ലാം ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം പഠിപ്പിച്ചിട്ടില്ല.

വീണ്ടും പറയുന്നു: "ഇസ്ലാമിക യുദ്ധങ്ങൾ മൂന്നുതരത്തിന് വെളിയിലല്ല." അതായത് മൂന്നുതരത്തിലുള്ള യുദ്ധമാണ് ഇസ്ലാമിലുള്ളത്. "ഇസ്ലാമിൽ കാർക്കശ നടപടിയുണ്ടായപ്പോൾ അല്ലെങ്കിൽ ശക്തമായ നടപടി സ്വീകരിക്കാൻ അനുവാദമുണ്ടായപ്പോൾ- പ്രതിരോധമെന്നനിലയിൽ അതായത് സ്വയം സംരക്ഷണത്തിനുവേണ്ടി (സ്വന്തം സംരക്ഷണത്തിനായി പ്രതിരോധിക്കാൻ -നിങ്ങളെ ആക്രമിച്ചാൽ അപ്പോൾ ആയുധമെടുക്കാവുന്നതാണ്). രണ്ടാമത്തേത് ശിക്ഷയെന്ന നിലയിൽ അതായത് കൊലയ്ക്കു പകരം കൊല.(ആ സമയത്ത് ആരെയെങ്കിലും ശിക്ഷിക്കണമെങ്കിൽ- മറ്റുള്ളവർ ആക്രമിക്കുകയും ചോരയൊഴുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ എന്തായാലും ശിക്ഷ എന്ന നിലയിലാണ് അത്. അല്ലാതെ സാധാരണ അവസ്ഥകളിൽ ആയുധം പ്രയോഗിക്കുകയോ ശിക്ഷ നല്കപ്പെടുകയോ വധിക്കുകയോ അല്ല). മൂന്നാമത്തേത് സ്വാതന്ത്ര്യം നിലനിർത്തുന്നതിനാണ്. അതായത് പീഢിപ്പിക്കുന്നവരുടെ ശക്തി തകർക്കുന്നതിനുവേണ്ടി യുദ്ധം ചെയ്യുക. മുസ്ലിമായ കാരണത്താൽ അവരെ അവിശ്വാസികൾ വധിച്ചിരുന്നു.

'മതം പ്രചരിപ്പിക്കുന്നതിന് വാളെടുക്കരുതെന്ന് ഖുർആനിൽ വ്യക്തമായ കല്പനയുണ്ട്. മതത്തിന്റെ വ്യക്തിഗതമായ സവിശേഷ ഗുണങ്ങൾ സമർപ്പിക്കുകയും സൽമാതൃക കൊണ്ട് തങ്ങളിലേക്ക് ആളുകളെ വലിച്ചടുപ്പിക്കുകയും ചെയ്യുക.'

ഇസ്ലാമിന്റെ പ്രാരംഭകാലത്ത് വാളെടുക്കാനുള്ള കല്പനയുണ്ടായി എന്ന് ധരിക്കരുത്. കാരണം മതം പ്രചരിപ്പിക്കുന്നതിനുവേണ്ടിയല്ല വാളെടുക്കപ്പെട്ടത്. മറിച്ച്, ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് സ്വന്തം രക്ഷിക്കുന്നതിനും സമാധാനം സ്ഥാപിക്കുന്നതിനും വേണ്ടിയാണ് വാളെടുത്തത്. ദീൻ പ്രചരിപ്പിക്കുന്നതിന് വാളെടുക്കുക എന്നതായിരുന്നില്ല ഉദ്ദേശ്യം.

പറഞ്ഞു: 'മുസ്ലിംകൾ എന്നു പറഞ്ഞുകൊണ്ട് ഇസ്ലാമിനെ വാളുകൊണ്ട് വ്യാപിപ്പിക്കണം എന്ന കാര്യം മാത്രം അറിയുന്നവർ ഇസ്ലാമിന്റെ വ്യക്തിഗതമായ വിശേഷ ഗുണങ്ങൾ അംഗീകരിക്കാത്തവരാണ്. ദീനിന്റെ വ്യക്തിഗതമായ വിശേഷഗുണങ്ങൾ സമർപ്പിക്കണമെങ്കിൽ സ്വയം അതിനെക്കുറിച്ച് വിവരമുണ്ടാകണം. അതുകൊണ്ട് സ്വന്തം അറിവുകൾ വർദ്ധിപ്പിക്കുക. രണ്ടാമതായി പറഞ്ഞു സൽമാതൃക കൊണ്ട് നിങ്ങളിലേക്ക് ആളുകളെ വലിച്ചടുപ്പിക്കുക. നമ്മളെ കണ്ടുകൊണ്ട് ജനങ്ങൾ നമ്മളിലേക്ക് വരാൻ സ്വന്തം സൽമാതൃക സ്ഥാപിക്കുക.

അതിനാൽ ഓരോ അഹ്മദിക്കും വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. ദീനിന്റെ വ്യക്തിഗതമായ വിശേഷഗുണങ്ങളെ അവതരിപ്പിക്കുന്നതിന് വിശുദ്ധഖുർആന്റെ ജ്ഞാനം കരസ്ഥമാക്കുക. പിന്നീട് സ്വന്തം സൽമാതൃക സ്ഥാപിച്ച് ലോകത്തെ നമ്മളിലേക്ക് വലിച്ചടുപ്പിക്കണം. ഈ ജ്ഞാനവും കർമ്മവും മുഖേന ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദാസത്വത്തിൽ വന്നുകൊണ്ട് വിശുദ്ധഖുർആന്റേയും ഇസ്ലാമിന്റെയും സംരക്ഷണപ്രക്രിയയിൽ നമുക്ക് പങ്കാളികളാകാൻ കഴിയും. ലോകത്ത് യഥാർത്ഥ സമാധാനം സ്ഥാപിക്കണമെങ്കിൽ വിശുദ്ധഖുർആൻ മുഖേന മാത്രമേ അത് സാധിക്കുകയുള്ളൂവെന്ന് ലോകത്തോട് പറയാൻ കഴിയും. വിശുദ്ധഖുർആൻ ഒരിടത്ത് ഇസ്ലാമിനെ വിശ്വസിക്കാത്തവരുടെ രേഖാചിത്രം ഈ വാക്കുകളിൽ കോറിയിട്ടിരിക്കുന്നു. **വ ഖാലു ഇൻ നത്തബിഇൽഹുദാ മഅക്ക നുത്തഖത്തഫ് മിൻ അർളിനാ** അവർ പറയുന്നു. നിനക്കിറങ്ങിയ ഈ നേർമാർഗ്ഗം ഞങ്ങൾ പിൻപറ്റുകയാണെങ്കിൽ ഞങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങളെ റാഞ്ചിയെടുത്തുകൊണ്ടുപോകുന്നതാണ്.(28:58) അതുകൊണ്ട് ഇസ്ലാമിന്റെ മേൽആക്ഷേപം ഉന്നയിക്കുന്നതു, അക്രമത്തിന്റേയും ബലപ്രയോഗത്തിന്റേയും അധ്യാപനമുള്ളതുകൊണ്ടല്ല, മറിച്ച്, വിശ്വസിക്കാത്തവർ ഇസ്ലാമിന്റെ അധ്യാപനത്തിനുമേൽ ആക്ഷേപമുന്നയിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങൾ നിന്റെ സമാധാനത്തിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ചുറ്റുപാടുമുള്ള ജനതകൾ ഞങ്ങളെ നശിപ്പിച്ചുകളയുന്നതുകൊണ്ടാണ്.

ഇസ്ലാമിന്റെ അധ്യാപനം മൈത്രീബന്ധത്തിന് കൈനീട്ടുന്ന അധ്യാപനമാണ്. ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനുള്ള അധ്യാപനമാണ്. ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശം നല്കുന്ന അധ്യാപനമാണ്. ചില മുസ്ലിം

സംഘടനകൾ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അത വരുടെ ദൗർഭാഗ്യമാണ്. ഇക്കൂട്ടർ തങ്ങളുടെ സ്വാർത്ഥലാഭ ത്തിനും ലോകത്ത് തങ്ങളുടെ ഭൂമിശാസ്ത്രപരവും രാഷ്ട്രീ യപരവുമായ ഉന്നതി കരസ്ഥമാക്കുന്നതിനുംവേണ്ടി കുഴപ്പ മുണ്ടാക്കുകയാണ്. മുസ്‌ലിം രാഷ്ട്രം ഉണ്ടാക്കുന്ന കുഴപ്പങ്ങ ളിലും ചില വൻരാഷ്ട്രങ്ങൾക്ക് പങ്കുണ്ട്. ഇപ്പോൾ വിവിധ പാശ്ചാത്യമാധ്യമങ്ങൾ -സ്വയം അവരുടെതന്നെ ആളുകൾ മുസ്‌ലിംകളിലെ തീവ്രവാദ സംഘടനകൾ തങ്ങളുടെതന്നെ സൃഷ്ടികളാണെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. അത് തങ്ങൾ ഇറാഖിലെ യുദ്ധത്തിനുശേഷം അല്ലെങ്കിൽ സിറി യയുടെ അവസ്ഥകൾക്കുശേഷം സൃഷ്ടിച്ചതാണെന്ന് പറയു ന്നു. ഇക്കാര്യത്തിൽനിന്ന് ഞാൻ മുസ്‌ലിംകളേയും ഇസ്‌ലാ മിന്റെ പേരിൽ മുസ്‌ലിം എന്നു പറഞ്ഞുകൊണ്ട് ഭീകരപ്ര വർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ തെറ്റായി പ്രകടിപ്പിക്കുന്നവരേയും മുക്ത രാക്കുന്നില്ല. പക്ഷേ ഈ അഗ്നിയെ ജ്വലിപ്പിക്കുന്നതിൽ വൻശക്തികളുടെ പങ്ക് എന്തായാലുമുണ്ട്. നീതിയോടുകൂടി പ്രവർത്തിക്കാത്തതിന്റെ കാരണത്താലാണ് ഇതെല്ലാം ഉണ്ടാ യിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു വൻശക്തിയുടെ ഒരു പ്രസ്താവന വരികയും ലോകം അത് അംഗീകരിക്കു കയും ചെയ്യുന്ന കാലമല്ല ഇത്. മറിച്ച്, എല്ലാ നിരീക്ഷകരും മാധ്യമങ്ങൾ മുഖേന എല്ലായിടത്തും എത്തുകയോ തങ്ങ ളുടെ അഭിപ്രായങ്ങൾ എത്തിക്കുകയോ ചെയ്യുന്നത് ഇപ്പോൾ എളുപ്പമായിരിക്കുന്നു. ഇപ്പോഴും ഒരു ഭാഗത്ത് തീവ്രവാദി കളെ നശിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. അവരുടെമേൽ ബോംബിടുന്നു. മറുഭാഗത്ത് ആയുധങ്ങൾ എത്തിക്കുന്നവരും തെറ്റായ വഴിയിലൂടെ പണമെത്തിക്കുന്ന വരും അല്ലെങ്കിൽ ധനപരമായ ട്രാൻസാക്ഷൻ ചെയ്യുന്നവ രുമൊക്കെയുണ്ടെന്നറിയാമെങ്കിലും ഇവർ കണ്ണടച്ചിരിക്കുക യാണ്.

ലോകത്തിന്റെ സമാധാനം കെടുത്തുന്നവർ ഇസ്‌ലാമികാ ധ്യാപനങ്ങൾക്ക് വിരുദ്ധം നടക്കുകയും അക്രമവും കുഴപ്പവും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ മുസ്‌ലിംസംഘം മാത്രമല്ല മറിച്ച് ഇതിന്റെ പിന്നിൽ വൻഭരണകൂടങ്ങളുണ്ട്. അവർ തങ്ങളുടെ സ്വാർത്ഥലാഭത്തിനാണ് മുൻതൂക്കം നല്കു ന്നത്. ലോകത്തിന്റെ സമാധാനം അവരുടെ പക്കൽ അനു ബന്ധമായിട്ടുള്ളതും രണ്ടാം സ്ഥാനത്തുള്ളതുമാണ്. അല്ലാ ഹു സലാം (സമാധാനി)യാണെന്നും അവൻ തന്റെ സൃഷ്ടി കൾക്ക് സമാധാനം ആഗ്രഹിക്കുന്നുവെന്നുമറിയുന്ന ഒരു യഥാർത്ഥ മുസ്‌ലിം- യഥാർത്ഥ മുസ്‌ലിംകൾ അഹ്മദി തന്നെയാണ്- അല്ലാഹു മനുഷ്യർക്ക് സമാധാനം നല്കുന്ന തിനും ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്ന തിനും കല്പനകൾ നല്കിയിട്ടുണ്ടെന്നുമുള്ള കാര്യം നല്ല വണ്ണം അറിയുന്നത്.

**വ ഖീലിഹീ യാ റബ്ബി ഇൻ ഹാഉലാഇ ഖൗമുൻ ലായു അ്മിനൂൻ ഫസ്ഫഹ് അൻഹും വ ഖുൽ സലാമുൻ ഫ സൗഫ യഅ്‌ലമൂൻ .**

**വ ഖീലിഹി യാ റബ്ബി ഇൻ ഹാഉലാഇ ഖൗമുൻ ലാ യു അ്മിനൂൻ** അദ്ദേഹം പറഞ്ഞപ്പോൾ എന്റെ രക്ഷിതാവേ ഇക്കൂ ട്ടർ വിശ്വസിക്കുന്നില്ല, അപ്പോൾ അല്ലാഹു പറഞ്ഞു നീ അവരെ വിട്ടുകളയുക. ഇത്രമാത്രം പറയുക: സലാം. നിങ്ങ ളിൽ സമാധാനം ഉണ്ടാകട്ടെ. ഇസ്‌ലാമിന്റെ യാഥാർത്ഥ്യം എന്താണെന്ന് അടുത്തുതന്നെ അവർ അറിയുന്നതാണ്.

നബി(സ) തിരുമേനിക്ക് അല്ലാഹു വിശുദ്ധഖുർആനിൽ നൽകിയ കല്പന 'ഇസ്‌ലാമിന്റെ വിരോധികളുടെ അക്രമ പ്രവർത്തനങ്ങൾ കണ്ടും സഹിച്ചും, അവർക്ക് ലോകത്ത് സമാധാനം നിലനില്ക്കുന്നതിന് ഞാൻ നിങ്ങൾക്ക് സമാ ധാനത്തിന്റെ പാഠം നല്കുകയാണെന്നും നല്കിക്കൊണ്ടി രിക്കുകതന്നെ ചെയ്യുമെന്നും ഉത്തരം പറയുക എന്നാണ്. നബി(സ) തിരുമേനിക്കുള്ള കല്പന ഇതാണെങ്കിൽ മറ്റുള്ള മുസ്‌ലിംകളെല്ലാം ഈ കല്പന പാലിക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. ഇന്നും ആ അവസ്ഥ തന്നെയാകുമ്പോൾ അതുപോലെ സന്ദേശമെത്തിക്കുക എന്നതാണ് നമ്മുടെ ബാധ്യത. നമ്മുടെ ജോലി ശാന്തിയുടേയും സമാധാനത്തി ന്റേയും സന്ദേശമെത്തിക്കുക എന്നതാണ്. ഒരു യഥാർത്ഥ മുസ്‌ലിമിന്റെയും പരമകാരുണികനായ ദൈവത്തിന്റെ ദാസ ന്റേയും അടയാളം അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു. **വഇദാ ഖാതബഹുമുൽ ജഹിലൂന ഖാലൂ സലാമ** അജ്ഞ രായവർ അവരുമായി പോരടിക്കാൻ ചെല്ലുമ്പോൾ അവർ പോരടിക്കുന്നതിന് പകരം പറയും, 'ഞങ്ങൾ നിങ്ങളുടെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.'

ഇതാണ് ഖുർആനിക അധ്യാപനം. ഈ അധ്യാപനമാണ് എല്ലാ തുറകളിലും സമാധാനവും ശാന്തിയും സ്ഥാപിക്കു ന്നതിനും അതിനുവേണ്ടി ശ്രമിക്കുന്നതിനും കല്പന നല്കു ന്നത്. നമ്മളിലാർക്കും പ്രത്യേകിച്ച് യുവാക്കൾക്ക് ഒരുതര ത്തിലുള്ള അപകർഷതാബോധത്തിനും ഇരയാകേണ്ട ആവ ശ്യമില്ല. ഇത് ഇസ്‌ലാമാണ്. ഇസ്‌ലാം മാത്രമാണ്. അതാണ് ലോകത്ത് ശാന്തിക്കും സമാധാനത്തിനും ജാമ്യമായിത്തീ രാവുന്നത്. ഇത് വിശുദ്ധഖുർആനാണ്. വിശുദ്ധഖുർആൻ മാത്രമാണ് ശാന്തിയും സമാധാനവും പ്രചരിപ്പിക്കുന്നതിനും തീവ്രവാദം അവസാനിപ്പിക്കുന്നതിനും പാഠം നല്കുന്നത്.

ഈ അധ്യാപനത്തിന്റെ ഗ്രാഹ്യം കരസ്ഥമാക്കേണ്ട ആവ ശ്യം ഓരോരുത്തർക്കുമുണ്ട്. ഈ അധ്യാപനം നമ്മുടെമേൽ നടപ്പിൽ വരുത്തേണ്ട ആവശ്യമുണ്ട്. ഈ അധ്യാപനമനുസ രിച്ച് പ്രവർത്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ ഞ്ഞതുപോലെ നിങ്ങളുടെ കർമ്മപരമായ മാതൃകകൾ കൊണ്ട് ലോകത്തിന് പറഞ്ഞുകൊടുക്കുക. ഇന്ന് വിശുദ്ധ ഖുർആന്റെ സംരക്ഷണത്തിന് പ്രവർത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കിയിരിക്കുന്നു. ഇത് അവന്റെ ഫള്‌ലാ ണ്. വിശുദ്ധഖുർആന്റെ ശരിയായ വ്യാഖ്യാനത്തിനും വിശ ദീകരണത്തിനും അതിന്റെ അർത്ഥപരമായ സംരക്ഷണത്തി നുംവേണ്ടി അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)നെ അയച്ചിരിക്കുന്നു. നമുക്ക് ആ മഹാത്മാവിനെ വിശ്വ സിക്കാൻ തൗഫീഖ് നല്കിക്കൊണ്ട് ഈ പ്രവർത്തനത്തി നായി നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. നമ്മളേയും തിര ഞ്ഞെടുത്തിരിക്കുന്നു. നമുക്ക് തൗഫീഖ് നല്കിയിരിക്കുന്നു. ഈ മനോഹരമായ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കേണ്ട ജോലി എല്ലാ അഹ്മദികളുടേയും ഉത്തരവാദമാണ്. ഈ

ഉത്തരവാദം നിർവഹിക്കുന്നതിനുവേണ്ടി എല്ലാ അഹ്മദികളും ആൺകുട്ടികളും പെൺകുട്ടികളും പുരുഷന്മാരും സ്ത്രീകളും പരിശ്രമിക്കേണ്ടതാണ്. ലോകമിപ്പോൾ അഗ്നികുണ്ഠത്തിന്റെ വക്കത്താണുള്ളത്. ഏതു സമയത്തും അവർ അതിൽ വീഴാം. അത്തരം നേരത്ത് ലോകത്തെ ആ അഗ്നിയിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ശാന്തിയും സമാധാനവും നല്കാൻ പണിയെടുക്കുകയും ചെയ്യേണ്ടത് ഒരു അഹ്മദിയുടെ ചുമതലയാണ്.

ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുള്ള ഏറ്റവും വലിയ കാര്യം അല്ലാഹുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കുക എന്നതാണ്. അവന്റെ മുന്നിൽ കുനിയലാണ്. അവനോടുള്ള ഭയഭക്തി സ്വായത്തമാക്കലാണ്. അവനോടുള്ള തഖ്‌വ നമ്മുടെ മനസ്സുകളിലുണ്ടാക്കലാണ്. അപ്പോഴാണ് നമുക്കുതന്നെയും നമ്മുടെ കുട്ടികൾക്കും ലോകത്തിനും ശാന്തിയും സമാധാനവും നൽകാൻ കഴിയുക. അത്തരം അവസരങ്ങൾക്കു വേണ്ടി, ആ അവസ്ഥകൾ ഉണ്ടാക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

'അഗ്നിയാണ്. എന്നാൽ, അഗ്നിയിൽനിന്ന് അവരെല്ലാം രക്ഷിക്കപ്പെടുന്നതാണ്. ദിവ്യാത്ഭുതങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കുവിൻ.'

അതിനാൽ ആ ദിവ്യാത്ഭുതങ്ങളുടെ കേദാരവും എല്ലാ ശക്തികളുടേയും ഉടമസ്ഥനുമായി ബന്ധം ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ട്. അല്ലാഹുവുമായുള്ള സ്നേഹം കൂട്ടാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ ശബ്ദത്തെ കേൾക്കാനും തങ്ങളെ നന്നാക്കിതീർക്കുന്നതിന് ശ്രമിക്കാനും നാശഗർത്തത്തിൽ വീഴുന്നതിൽനിന്ന് രക്ഷപ്പെടാനും ലൗകികർക്കും ബുദ്ധിനല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഇനായത്തുല്ലാഹ് അഹ്മദി സാഹിബിന്റെ ഹാളിർ ജനാസയും മൗലവി ബശീർ അഹ്മദ് ഖാല അഫ്ഗാനയുടേയും ഖാനിത്താ ബീഗം സാഹിബയുടേയും ഗായിബ് ജനാസകളും നമസ്കരിക്കുന്നതാണെന്ന് ഹുദൂർ വിളംബരം ചെയ്തു. അല്ലാഹു പരേതാത്മക്കൾക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ ആമീൻ.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 11.12.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516


If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala